## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4062** — **26/06/2013-ൽ മറുപടിയ്ക്ക്**

### സ്കൂളുകളിൽ ജലസൗഹൃദ ക്ലബ്ബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി. വിൻസെന്റ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ജല സൗഹൃദ ക്ലബ്ബുകൾ ആരംഭിക്കാൻ നടപടി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | **സി.സി.ഡി.യു**<br>സംസ്ഥാനത്തെ സ്കൂളുകളിൽ ജല സൗഹൃദ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ജലവിഭവകുപ്പിന്റെ കീഴിലുള്ള ജലശ്രീ-സി.സി.ഡി.യു ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ജലസംരക്ഷണം , മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, ജലഗുണ നിലവാരം, ശുദ്ധജലത്തിന്റെ വിനിയോഗം, ജല മാനേജ്മെന്റ് എന്നീ മേഖലകളിൽ കൂടുതൽ അവബോധം കുട്ടികൾക്ക് നല്കുകയാണ് ജലശ്രീ ക്ലബ്ബുകളുടേയും ജലസൗഹൃദ വിദ്യാലയങ്ങളുടെയും പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; | (സി) | ഈ പദ്ധതിയ്ക്ക് തുക അനുവദിച്ചിട്ടില്ല |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | കഴിഞ്ഞ അധ്യയന വർഷം സി.സി.ഡി.യു. 2400 അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ജില്ലാടിസ്ഥാനത്തിൽ പരിശീലനം നല്കുകയും ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയ ജലസംരക്ഷണ വിനിമയ പ്രസിദ്ധീകരണങ്ങൾ എല്ലാ ഹയർ സെക്കന്ററി സ്കൂളുകൾക്കും അയച്ചുകൊടുക്കുകയുമുണ്ടായി. ഈ വർഷം ക്ലബ്ബിൽ അംഗമാകുന്നതിനായി എല്ലാ സ്കൂളുകളിലേയ്ക്കും അപേക്ഷാ ഫോറവും മാർഗ്ഗനിർദ്ദേശങ്ങളും അയച്ചുകൊടുത്തിട്ടുണ്ട്. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ പുരോഗമിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ